## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3123 | 20.12.2012-ൽ മറുപടിയ്ക്ക്

### നബാർഡ് ധനസഹായം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, പി.എ.മാധവൻ<br>,, ആർ.സെൽവരാജ് | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡുകളും പാലങ്ങളും പണിയാനുള്ള ധനസഹായം നൽകാൻ നബാർഡ് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;<br>(ബി) എത്ര കോടി രൂപയുടെ ധനസഹായമാണ് ആയതിനായി നൽകുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | | **(എ)&(ബി):**<br>ഉണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ ഇതുവരെ 15225.23 ലക്ഷം രൂപയുടെ ധനസഹായമാണ് ഗ്രാമീണമേഖലയിലെ റോഡുകളും പാലങ്ങളും പുനരുദ്ധരിക്കുന്നതിനും/ നിർമ്മിക്കുന്നതിനും നബാർഡിൽ നിന്നും അനുവദിച്ചിട്ടുള്ളത്. |
| (സി) വകുപ്പിന്റെ പ്രവൃത്തികളിൽ എത്ര റോഡുകൾക്കും പാലങ്ങൾക്കുമാണ് ഈ ധനസഹായം നൽകുന്നത്; | (സി) | 2012-13 സാമ്പത്തിക വർഷത്തിൽ 22 റോഡുകളുടെയും 7 പാലങ്ങളുടെയും പുനരുദ്ധാരണത്തിനും/നിർമ്മാണത്തിനുമായാണ് ഈ തുക അനുവദിച്ചിട്ടുള്ളത്. |
| (ഡി) നബാർഡിൽ നിന്നും ധനസഹായം ലഭിക്കുന്നതിന്റെ വ്യവസ്ഥകൾ എന്തെല്ലാം ; വിശദമാക്കുമോ ? | (ഡി) | പൊതുമരാമത്ത് വകുപ്പ് വഴി നടപ്പിലാക്കുന്ന ഗ്രാമീണ മേഖലയിലെ പദ്ധതികൾ, സംസ്ഥാനത്തിന് ലോൺ വിഹിതം ലഭ്യമാക്കുന്ന നോഡൽ ഏജൻസിയായ ധനകാര്യ വകുപ്പ് വഴിയാണ് നബാർഡിന് സമർപ്പിക്കുന്നത്. ബാങ്കിന്റെ നിയമങ്ങൾക്കനുസരിച്ചാണോ പ്രോജക്ട് റിപ്പോർട്ടുകൾ എന്ന് പരിശോധിച്ച് അംഗീകാരം നൽകുന്നത് നബാർഡാണ്. അങ്ങനെ അംഗീകാരം കിട്ടുന്ന പദ്ധതികൾ സാധാരണ പ്രവൃത്തികൾ നടത്തുന്ന രീതിയിൽ നടപ്പിലാക്കുകയും ചെയ്യുന്നു. പദ്ധതിച്ചെലവിന്റെ 80% നബാർഡിൽ നിന്നും ലോൺ വ്യവസ്ഥയിൽ ലഭിക്കുന്നു. ബാക്കി 20% സംസ്ഥാന വിഹിതമാണ്. |

സെക്ഷൻ ഓഫീസർ